# OLF LPS VELLAPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026



# ചരിത്രം

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ വിദ്യാഭ്യാസജില്ലയിൽ ആലപ്പുഴ ഉപജില്ലയിലെ വെള്ളാപ്പള്ളി എന്ന സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് ഔവർ ലേഡി ഓഫ് ഫാത്തിമ എൽ. പി. സ്കൂൾ. വെള്ളാപ്പള്ളി ഔവർ ലേഡി ഓഫ് ഫാത്തിമ എൽ പി സ്കൂൾ 1951 ജൂൺ നാലാം തീയതി പ്രവർത്തനം ആരംഭിച്ചു .1952 മെയ് പതിനാലാം തീയതി സ്കൂളിന് സർക്കാർ അംഗീകാരം ലഭിച്ചു .തിരുഹൃദയ മഠത്തിലെ വിസിറ്റേഷൻ സിസ്റ്റേഴ്സിന്റെ മേൽ നോട്ടത്തിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1950 ജൂൺ മാസം അവസാനത്തോടുകൂടി സ്കൂളിനായി ഷെഡ് പണി ആരംഭിച്ചു .1951 ജൂൺ 4ന് ഈ ഷെഡ്ഡിൽ ഒന്നും രണ്ടും ക്ലാസുകൾ നടത്തിത്തുടങ്ങി. 14.5.1952 ൽ ഔവർ ലേഡി ഓഫ് ഫാത്തിമ സ്കൂളിന് സർക്കാർ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 100x18 എന്ന ബലിഷ്ഠമായ കെട്ടിടത്തിന് സ്ഥാനമിടുകയും 1.3.1952 ൽ അഭിവന്ദ്യ മെത്രാൻ തിരുമേനിയാൽ ആശീർവദിക്കുകയും ചെയ്തു.കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ റവ . ഫാ .പീറ്റർ എം ചേനപ്പറമ്പിൽ മാനേജർ ആയിരുന്ന കാലത്ത് മഠത്തിന്റെ തൊട്ടു തെക്കുവശത്തുള്ള സ്ഥലം വാങ്ങുകയും മഠം വകയുണ്ടായിരുന്ന സ്ഥലത്തുനിന്നും കുടികളെ അവകാശം കൊടുത്ത് ഒഴിപ്പിച്ചു കൊണ്ട് ഒരു പുതിയ കെട്ടിടത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തു. പിന്നീട് മാനേജരായി നിയമിതനായ റവ. ഫാ.ഡൊമിനിക് കോയിൽപ്പറമ്പിൽ 7. 5.1965 ൽ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയും പണികൾ അചിരേണ പൂർത്തിയാവുകയും ചെയ്തു.റവ.ഫാ.സേവ്യർ അരേശ്ശേരിയിൽ മാനേജറായിരുന്ന കാലത്ത് സ്കൂളിന്റെ കിഴക്കേ മതിൽ പുതിയ കെട്ടിടം ഇരിക്കുന്ന സ്ഥലത്തേക്ക് നീട്ടി കെട്ടുകയും രണ്ടു കെട്ടിടങ്ങളുടെയും ഇടയ്ക്കുണ്ടായിരുന്ന നടപ്പുവഴി നിർത്തി സ്കൂൾ വളപ്പു ഭദ്രമാക്കുകയും ചെയ്തു. ആദ്യ കാലങ്ങളിൽ ഇവിടെ അഞ്ചാം ക്ലാസ്സുവരെ നടന്നിരുന്നു. നിലവിൽ പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും പ്രവർത്തിക്കുന്നു. പ്രഥമാധ്യാപിക.ശ്രീമതി. ലിൻസി കെ എസ് ,സ്കൂൾ മാനേജർ റവ .ഫാ. സെബാസ്റ്റ്യൻ സന്തോഷുമാണ്. നൃത്ത പരിശീലനം, കരാട്ടെ പരിശീലനം ,വാദ്യോപകരണ പരിശീലനം ,സൈക്കിൾ പരിശീലനം ,തയ്യൽ പരിശീലനം എന്നിവയും നൽകിവരുന്നു. 2014 ജൂൺ മുതൽ നിലവിലുണ്ടായിരുന്ന ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കാനും സാധിച്ചു.

# **സ്കൂൾ പ്രൊഫൈൽ**

| | | |
|---|---|---|
| പേര് | : | ഒ.എൽ എഫ് എൽ പി എസ് വെള്ളാപ്പള്ളി |
| വിലാസം | : | ഒഎൽ എഫ് എൽ പി എസ് വെള്ളാപ്പള്ളി കാഞ്ഞിരംചിറ പി.ഒ, ആലപ്പുഴ പിൻ 688 007 |
| സ്കൂൾ കോഡ് | : | 35226 |
| ബി.ആർ.സി. | : | ആലപ്പുഴ |
| സി.ആർ.സി | : | ആലപ്പുഴ |
| ഉപ ജില്ല | : | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| റവ. ജില്ല | : | ആലപ്പുഴ |
| മുനിസിപ്പാലിറ്റി | : | ആലപ്പുഴ |
| വാർഡ് | : | കനാൽ വാർഡ് |
| ബ്ലോക്ക് | : | അമ്പലപ്പുഴ |
| വില്ലേജ് | : | ആര്യാട് |
| താലൂക്ക് | : | അമ്പലപ്പുഴ |
| ജില്ല | : | ആലപ്പുഴ |
| നിയമസഭാമണ്ഡലം | : | ആലപ്പുഴ |
| പ്രധമാധ്യാപിക | : | ലിൻസി കെ.എസ് |
| എസ്.എം.സി ചെയർമാൻ | | നീനു |

# അധ്യാപകരും വിവരങ്ങളും
# 2024 – 2025

| അധ്യാപകന്റെ പേര് | സബ്ജക്ട് കൗൺസിൽ | ക്ലബ് ചുമതല |
|---|---|---|
| ലിൻസി കെ എസ് | എച്ച്.എം | എക്കോ ക്ലബ്ബ് |
| ജോൺസൺ ജോസ് | ഇംഗ്ലീഷ്, മലയാളം | ഹലോ ഇംഗ്ലീഷ് വിദ്യാരംഗം കലാ സാഹിത്യവേദി |
| ലിനിമോൾ വിജയൻ | ഇംഗ്ലീഷ് | സയൻസ് ക്ലബ്ബ് |
| എലിസബത്ത് എം വി | All Subject | വർക്ക് എക്സ്പീരിയൻസ് |
| നെൽസൺ കെ ടി | മലയാളം ഗണിതം | ഐ.ടി |
| ആനി എ | അറബി | സ്പോർട്സ്, ഹെൽത്ത്, |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി. ഐ | എച്ച്. ഐ | എം.ആർ | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതർ | ആകെ |
|---|---|---|---|---|---|---|---|
| UKG | | | | | | | |
| 1 | | | | | 1 | | 1 |
| 2 | | | | | 1 | | 1 |
| 3 | | | | | 6 | | 6 |
| 4 | | | | | 1 | 1 | 2 |

# നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 9 | |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 5 | |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 5 | |
| കിണർ | ഇല്ല | |
| ലൈബ്രറി | ഇല്ല | |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | ഇല്ല | |
| അടുക്കള | 1 | |
| കമ്പ്യൂട്ടർ ലാബ് | ഇല്ല | |
| റീഡിംഗ് റൂം | ഇല്ല | |
| സ്കൂൾ ബസ് | ഉണ്ട് | |
| വിഷയ ലാബുകൾ | ഇല്ല | |
| സ്റ്റേജ് | ഇല്ല | |
| ലാപ് ടോപ് | 8 | 5 |
| സൗണ്ട് സിസ്റ്റം | 1 | |
| പ്രൊജക്ടർ | 3 | |
| ഗ്രീൻ ബോർഡ് | ഇല്ല | |
| സ്മാർട്ട് ടി.വി | ഇല്ല | |

# മറ്റു ഐസിടി സാധ്യതകൾ

| സംവിധാനം | ഉണ്ട് / ഇല്ല |
|---|---|
| വിക്ടേഴ്സ് ചാനൽ | ഇല്ല |
| ഡി വി ഡി പ്ലയർ | ഇല്ല |
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഇല്ല |
| ബ്ലോഗ് | ഇല്ല |
| Email ID | ഉണ്ട് |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല |

| മേഖല പ്രവൃത്തി പരിചയം | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തിപരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ | ഒരു വർഷത്തിൽ ഒരു മാസം | SRG | PTA | |

| മേഖല കലാരംഗം | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| കലാമികവുള്ളവർക്ക് പരിശീലനം | നൃത്തത്തിലും സംഗീതത്തിലും മറ്റ് കലാവാസനകൾ ഉള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | ആഴ്ചയിൽ രണ്ടു ദിവസം | SRG | PTA | |

| മേഖല   കായിക വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസം | സൂംബാ ഡാൻസ്, കരാട്ടെ | എല്ലാ ദിവസവും രാവിലെ അസംബ്ലിയിൽ | Sports Club | PTA | |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ | എല്ലാദിവസവും രാവിലെയും വൈകിട്ടും അരമണിക്കൂർ വീതം | Sports Club | PTA | |

| ഉപ മേഖല ദിനാചരണങ്ങൾ | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ചു വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | | |

| ഉപ മേഖല സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| എൽ പി, യുപി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷകളിലൂടെ സാധ്യമാക്കൽ | എൽ എസ്സ് എസ്സ്, യു.എസ്സ്.എസ്സ് ഉൾപ്പടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | ജൂൺ - | അദ്ധ്യാപകർ | | |

| **മേഖല ഗണിതം** | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| ഗണിത പഠനം രസകരവും ആകർഷകവുമാക്കുക | ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>ഗണിത ക്ലബ്ബ് ശാക്തീകരണം<br>ക്ലാസ് ഗണിത മൂല | ജൂൺ - മാർച്ച് | മാത്സ് ടീച്ചർ | PTA | |
| ഗണിതത്തിലെ മുഴുവൻ ശേഷികളും നേടാൻ കുട്ടികളെ പ്രാപ്തരാക്കുക | ICT സാധ്യത പ്രയോജനപ്പെടുത്തി മാത്സ് വർക്ക് ഷീറ്റ് തയ്യാറാക്കൽ<br>Geogebra പരിശീലനം<br>ഗണിത സ്കിറ്റ് അവതരണം | ജൂൺ - മാർച്ച് | മാത്സ് ക്ലബ്ബ് | PTA | |
| മികച്ച് ഗണിത പ്രതിഭകളെ കണ്ടെത്തുക | Maths Talent Search Examination<br>ഗണിത മെഗാ ക്വിസ്<br>ഗണിതോത്സവം | | SRG<br>മാത്സ് ക്ലബ്ബ് | PTA | |

| **മേഖല ഇംഗ്ലീഷ്** | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസനം | ഇംഗ്ലീഷിൽത്തന്നെ ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യൽ<br><br>ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br><br>ആഴ്ചയിൽ ഔരു ദിവസം ഇംഗ്ലീഷ് അസംബ്ലി (മാറി മാറി ഓരോ ക്ലാസിനും ചുമതല | ജൂൺ<br><br>ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് ക്ലാസ് ടീച്ചർ | | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | ഇംഗ്ലീഷ് കഥ, കവിത – രചന ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ (ക്ലാസ് പിടിഎ യിൽ കാണിക്കൽ)<br><br>ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | മൂന്നുമാസത്തിൽ ഒരിക്കൽ<br><br>ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ് | | |
| കുട്ടികളുടെ | കുട്ടികളുടെ രചനകൾ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | | |

| | | | | | |
|---|---|---|---|---|---|
| രചനകൾ സമൂഹത്തിലേയ്ക്ക് | സ്കൂൾ വിക്കിയിൽ ചേർക്കൽ | | | | |

**മേഖല   മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്ക്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളും മലയാളം തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുക | ക്ലാസ് ലൈബ്രറി വികസനം<br>വായനാക്കാർഡുകൾ തയ്യാറാക്കൽ<br>വായനക്കളരി<br>പിറന്നാളിന് ഒരു പുസ്തകം | ജൂൺ - മാർച്ച് | PTA<br>അദ്ധ്യാപകർ<br>രക്ഷിതാക്കൾ | PTA | |
| അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ<br>വിവിധ ഭാഷാ വ്യവഹാരങ്ങളിൽ രചനകൾ നടത്താനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക | ജൂൺ - മാർച്ച് | അദ്ധ്യാപകർ | PTA | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർ ഷണീയമാക്കൽ | സാഹിത്യ ചുമർ സാഹിത്യകാരന്മാരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കുന്നു. ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുന്നു.<br><br>സാഹിത്യകാരന്മാരുടെ ദിനങ്ങൾ ആചരിക്കുന്നു. | ജൂൺ - മാർച്ച് | SRG<br>PTA | PTA | |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുന്നതി ന് | വ്യത്യസ്ത കലാരൂപങ്ങളുടെ ഐ സി റ്റി പ്രദർശനം പാവനാടകം ശില്പശാല (കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി) | ജൂലൈ - ആഗസ്റ്റ് | SRG<br>PTA | SRG | |
| ഉയർന്ന സാഹിത്യാഭിരുചി കുട്ടികളിൽ വളർ ത്തുക | കുട്ടികളിൽ അവരുടെ സാഹിത്യ വാസനകൾ പ്രകടിപ്പിക്കുവാൻ അവസരം നൽകിക്കൊണ്ടുള്ള സ്കൂൾ ആകാശവാണി<br><br>ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഓരോ മാസത്തിലും മികച്ച ആസ്വാദനക്കുറിപ്പ് | | | | |

| | | | | | |
|---|---|---|---|---|---|
| | കണ്ടെത്തി<br>പ്രോത്സാഹിപ്പിക്കൽ | | | | |
| പത്ര വായന പരിപോഷിപ്പിക്കുക | സ്കൂളിൽ ഒരു പത്രം<br>അസംബ്ലിയിൽ പ്രധാന പത്ര വാർത്തകളുടെ അവതരണം<br>സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേയ്ക്ക് കുട്ടികൾ വശം) | ജൂൺ - മാർച്ച് | PTA<br>അധ്യാപകർ | | |

| മേഖല പരിസരപഠനം | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **റിമാർക്ക്സ്** |
| സ്കൂളിൽ മനോഹരമായ പൂന്തോട്ടം വച്ചുപിടിപ്പുക്കുക, സംരക്ഷിക്കുക | ശലഭോദ്യാനം കുട്ടികളുടേയും മാതാപിതാക്കളുടേയും അധ്യാപകരുടേയും സഹായത്താൽ ചെടികൾ വച്ചു പിടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | SRG<br>PTA | | |
| പ്ലാസ്റ്റിക്ക് മൂലമുള്ള മലിനീകരണം കുറയ്ക്കുക | പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം | ജൂൺ - മാർച്ച് | SRG<br>PTA | | |
| ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം, സംരക്ഷണം | ക്ലാസ് സംഘടിപ്പിക്കുക ജൈവ വൈവിധ്യങ്ങളെപ്പറ്റി അവബോധം നൽകൽ പഠന യാത്ര | | | | |
| പഠന യാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ ക്ഷേത്രങ്ങൾ , കലകൾ തുടങ്ങിയവയെക്കു | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠന യാത്ര | വർഷത്തിൽ 1 | SRG | PTA | |

| | | | | | |
|---|---|---|---|---|---|
| റിച്ച് കൂടുതൽ മനസ്സിലാക്കൽ | | | | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br><br>സ്കൂൾതല സയൻസ് എക്സിബിഷൻ<br><br>ഗവേഷണാത്മകമായ പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം (സർവ്വെ, അഭിമുഖം, നിരീക്ഷണം) | വർഷത്തിൽ 1 ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | PTA | |
| ശാസ്ത്ര ലാബ് നവീകരണം | സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം | സയൻസ് ടീച്ചർ | | |
| ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, പതിപ്പ് തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG സയൻസ് ടീച്ചർ | | |